**കേരള സർക്കാർ**

<u>സംഗ്രഹം</u>

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി - ചെലവ് നിയന്ത്രണം - ശൂന്യവേതനാവധി ഒഴിവിലെ താത്ക്കാലിക നിയമനം - നിയന്ത്രണം ഒഴിവാക്കുന്നത് - ഉത്തരവാകുന്നു.

ധനകാര്യ (രഹസ്യ) വകുപ്പ്

സ.ഉ. (പി) നം. 5/2016/ധന  തീയതി, തിരുവനന്തപുരം 14.01.2016.

പരാമർശം : 11.10.2013 ലെ സ.ഉ. (പി) നം. 515/2013/ധന.

## ഉത്തരവ്

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും ചെലവ് നിയന്ത്രിക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ശൂന്യവേതാനാവധി അനുവദിക്കുന്നതിന്റെ ഫലമായുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് ഒരു സമയം 6 മാസത്തേയ്ക്ക് എന്ന വിധം താത്ക്കാലികാടിസ്ഥാനത്തിൽ മാത്രമേ നിയമനം നടത്താവൂ എന്നും അവധിയിൽ പ്രവേശിച്ചയാൾ തിരികെ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് താത്ക്കാലിക നിയമനം അവസാനിക്കുമെന്നും മേൽ പരാമർശത്തിലെ ഖണ്ഡിക (iii) പ്രകാരം ഉത്തരവായിരുന്നു.

പ്രസ്തുത ഉത്തരവ് സർക്കാർ പുന:പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഉത്തരവിലെ ''അവധി ഒഴിവുകളിലെ നിയമനം'' എന്ന ഖണ്ഡിക (iii) റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**പി.എ. ഷൈല,**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം).**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. & എസ്.എസ്.എ.), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ. & ആർ.എസ്.എ.), കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും.
നിയമവകുപ്പുൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (എല്ലാ സെക്ഷനുകൾക്കും).
ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
എല്ലാ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റു മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ, ഗവ. ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
പൊതുഭരണ (എസ്.സി.) വകുപ്പ് (06.01.2016 ലെ 7999-ാം ഇനം നമ്പർ മന്ത്രിസഭാ തീരുമാനം).
നോഡൽ ഓഫീസർ, www.finance.kerala.gov.in
സൂക്ഷിപ്പ് ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

അക്കൗണ്ട്സ് ഓഫീസർ.